## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ : 98

08.2.2013- ൽ
മറുപടിക്ക്

## ചെറുകിട കയർ ഉദ്പാദക സഹകരണ സംഘങ്ങൾക്കുള്ള പദ്ധതി

| ചോദ്യം<br><br>ശ്രീ. ഷാഫി പറമ്പിൽ<br>,, തേറമ്പിൽ രാമകൃഷ്ണൻ<br>,, പാലോട് രവി<br>,, എം. എ. വാഹീദ് | ഉത്തരം<br><br>ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ ചെറുകിട കയർ ഉദ്പാദക സഹകരണ സംഘങ്ങൾക്ക് വിപണി വികസന സഹായം നൽകാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ ചെറുകിട കയറുൽപ്പാദക സഹകരണ സംഘങ്ങൾക്ക് വിപണി വികസന ധനസഹായം നൽകാൻ പദ്ധതി രൂപീകരി - ച്ചിട്ടുണ്ട്. ചെറുകിട ഉൽപ്പാദക സഹകരണ സംഘങ്ങൾ കയർ കോർപ്പറേഷനു വിൽക്കുന്ന കയർ ഉൽപ്പന്നങ്ങളുടെ വില്പന തുക കണക്കാക്കിയുള്ള എം.ഡി.എ.യുടെ 50% കയർ കോർപ്പറേഷൻ, സർക്കാർ ഇതിനായി നൽകുന്ന ഫണ്ടിൽ നിന്നും ചെറുകിട ഉൽപ്പാ - ദക സഹകരണ സംഘങ്ങൾക്ക് വിപണി വികസന സഹായമായി നൽകുന്നതാണ് ഈ പദ്ധതി. |
| (ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും (റബർ അധിഷ്ഠിത കയർ ഉൽപ്പന്നങ്ങൾ ഉൾപ്പെടെ) വിൽപ്പന പ്രോത്സാഹിപ്പിക്കുക എന്നതാണ് പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ. |

| | |
|---|---|
| (സി) ഏതെല്ലാം ഏജൻസികൾ വഴിയാണ് പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കാമോ; | (സി) കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ മുഖേനയാണ് ചെറുകിട ഉൽപാദക സഹകരണ സംഘങ്ങൾക്കു എം.ഡി.എ നൽകുന്നത് |
| (ഡി) എന്തെല്ലാം സഹായങ്ങളാണ് സംഘങ്ങൾക്ക് ഈ പദ്ധതി വഴി ലഭിക്കുന്നത്;വിശദാംശങ്ങൾ എന്തെല്ലാം? | ഡി) ചെറുകിട ഉൽപ്പാദക സഹകരണ സംഘങ്ങൾക്ക് ലഭിക്കുന്ന എം.ഡി.എ താഴെപ്പറയുന്ന ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്.<br>• പ്രചരണം<br>• പുതിയ ഷോറൂമുകൾ, വിൽപ്പന കേന്ദ്രങ്ങൾ എന്നിവ തുറക്കുന്നതിന്.<br>• വിപണിയെ സംബന്ധിച്ചുള്ള പഠനം<br>• നിലവിലെ വിൽപ്പന കേന്ദ്രങ്ങളുടെ നവീകരണം.<br>• മാർക്കറ്റ് ഇന്റലിജൻസ് നെറ്റ് വർക്ക് രൂപപ്പെടുത്തുന്നതിനും നിലവിലുള്ള രൂപകൽപ്പനകൾ നവീകരിക്കുന്നതിനും മറ്റും<br>• ഗോഡൗൺ നിർമ്മാണം, നിബന്ധനകൾക്ക് വിധേയമായി ഡിസ്ക്കൗണ്ട് അനുവദിക്കുന്നതിനുൾപ്പെടെയുള്ള പുതുമയാർന്ന കച്ചവട തന്ത്രങ്ങൾക്കും. |

സെക്ഷൻ ഓഫീസർ